സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307
തീയതി: 17.03.2020

നമ്പർ. C2/18011/19/ഡി.ടി.ഇ

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ഡയറക്ടർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്, പ്രജോയ് ടൌവേഴ്സ്
വഴുതക്കാട്, തിരുവനന്തപുര -695014

സർ,

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം -.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കി പരീക്ഷ എഴുതുന്നതിനുള്ള മാർഗ നിർദ്ദേശം - സർക്കുലറിന്റെ പകർപ്പ് - അയയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. സ ഉ(കൈ)നം.326/2019/ഉവിവ തീയതി 30.09.2019
2. സ .ഉ(കൈ)നം.331/2019/ഉവിവ തീയതി 04.10.2019
3.06.03.2020 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പരിലുള്ള സർക്കുലർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കി പരീക്ഷ എഴുതുവാനുള്ള വ്യവസ്ഥകൾ രൂപപ്പെടുത്തി മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മേൽ സൂചന 3 പ്രകാരം തയ്യാറാക്കിയ സർക്കുലറിന്റെ പകർപ്പ് താങ്കളുടെ നിയന്ത്രണത്തിലുള്ള പോളിടെക്നിക്ക് കോളേജ് കോളേജ് മേധാവികളെ അറിയിക്കുന്നതുൾപ്പെടെയുള്ള തുടർ നടപടിക്കായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ

ശശികുമാർ കെ എൻ
സീനിയർ ജോയിന്റ് ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

# ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം / സമയബന്ധിതം

നമ്പർ. C2/18011/19/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 06.03.2020

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കൽ - അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ നിർദേശം - നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ(കൈ) നം.326/2019/ഉ.വി.വ.-)0 നമ്പർ തീയതി 30.09.2019

2. സ ഉ(കൈ )നം.321/2019/ഉ.വി.വ.-)0 നമ്പർ തീയതി 04.10.2019

സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള സർക്കാർ, സർക്കാർ നിയന്ത്രിത എയ്ഡഡ്, സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കി പരീക്ഷ എഴുതുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഡിപ്ലോമ പരീക്ഷകൾ അവസാനിച്ചതിന് ശേഷവും നിരവധി സ്ഥാപന മേധാവികൾ വിദ്യാർത്ഥികളിൽ നിന്നും ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷ ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിയ്ക്കുന്നു. ആയതിനാൽ ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷ അയയ്ക്കുമ്പോൾ താഴെ സൂചിപ്പിയ്ക്കുന്ന നിർദേശങ്ങൾ കർശനമായി പാലിയ്ക്കണമെന്ന് എല്ലാ സർക്കാർ, സർക്കാർ നിയന്ത്രിത എയ്ഡഡ്, സ്വാശ്രയ പോളിടെക്നിക് കോളേജ് മേധാവികളേയും അറിയിയ്ക്കുന്നു.

1.വിദ്യാർത്ഥികളുടെ ഹാജർ നില തൃപ്തികരമായ നിലയിൽ ഉറപ്പുവരുത്തുന്നതിനും അച്ചടക്കം പാലിയ്ക്കുന്നതിനും സ്ഥാപന മേധാവിയായ പ്രിൻസിപ്പാൾ കർശന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2.ഓരോ മാസവും വിദ്യാർത്ഥികളുടെ ഹാജർനില നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കേണ്ടതാണ്.

3.**ആദ്യ തവണ ഹാജർ കുറവ്** മാപ്പാക്കൽ സ്ഥാപന മേധാവിയ്ക്ക് തന്നെ അനുവദിയ്ക്കാവുന്നതാണ്. **രണ്ടാം തവണ ഹാജർ കുറവ്** മാപ്പാക്കുന്നതിനുള്ള അപേക്ഷ അതാത് മേഖലാ കാര്യാലയത്തിലേക്കും ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ സ്ഥാപനങ്ങളിലെ അപേക്ഷകൾ ഈ കാര്യാലയത്തിലേക്കും അയയ്ക്കേണ്ടതാണ്.

4.**മൂന്നാം തവണ ഹാജർ കുറവ്** മാപ്പാക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ഈ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

5.ഏറ്റവും കുറഞ്ഞ ഹാജർ നില 65% ഉള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഹാജർ കുറവ് മാപ്പാക്കുന്നതിന് അപേക്ഷിയ്ക്കാൻ അർഹത ഉണ്ടായിരിയ്ക്കുകയുള്ളൂ. ഒരു വിദ്യാർത്ഥിയ്ക്ക് തന്റെ പഠന കാലയളവിൽ ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അർഹത മേൽ സർക്കാർ ഉത്തരവ് പ്രകാരം മൂന്നു തവണ മാത്രമായി നിജപ്പെടുത്തിയിരിയ്ക്കുന്നു. ആയതിനാൽ മൂന്നു തവണയിൽ കൂടുതലുള്ള ഹാജർ മാപ്പാക്കുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല.

6.ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം വ്യവസ്ഥാനുസരണമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്ഥാപന മേധാവിയുടെ ശുപാർശ സഹിതം ബന്ധപ്പെട്ട കാര്യാലയത്തിലേയ്ക്ക് സ്ഥാപന മേധാവിയുടെ ആമുഖ കത്തോടുകൂടി അയയ്ക്കേണ്ടതാണ്. അപേക്ഷയിൽ വ്യക്തമായ ശുപാർശ (ശുപാർശ ചെയ്യുന്നു/ശുപാർശ ചെയ്യുന്നില്ല) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം സ്ഥാപനമേധാവി രേഖപ്പെടുത്താത്ത അപേക്ഷകൾ നിരസിയ്ക്കുന്നതാണ്. വിദ്യാർത്ഥികൾ നേരിട്ട് സമർപ്പിയ്ക്കുന്ന/അയയ്ക്കുന്ന അപേക്ഷ യാതൊരു കാരണവശാലും സ്വീകരിയ്ക്കുന്നതല്ല.

7.ഹാജർ നില 65 ശതമാനത്തിൽ കുറവ് വരുന്ന വിദ്യാർത്ഥികൾ, ഹാജർ കുറവ് മാപ്പാക്കലിന് (മൂന്നു തവണയിൽ കൂടുതൽ അനുവദനീയമല്ല) തികച്ചും അർഹതയുണ്ടെന്ന് ബോധ്യമുള്ള പക്ഷം സ്ഥാപനമേധാവിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കേണ്ടതും പ്രസ്തുത അപേക്ഷകൾ സ്ഥാപന മേധാവി ശുപാർശയോടുകൂടി മാത്രം ഈ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതുമാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സ്റ്റേറ്റ് ബോർഡ് ഓഫ് മെമ്പർ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ നിശ്ചിത ഫീസ് സ്വീകരിയ്ക്കാൻ പാടുള്ളൂ.

8.ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിലേയ്ക്ക് അയയ്ക്കുന്നതിന് മുൻപ് സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ വിദ്യാർത്ഥികൾ പൂർണമായും പാലിച്ചിട്ടുണ്ടെന്ന് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

9.അനധികൃതമായി ഹാജരാകാതിരിയ്ക്കുന്ന വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷ പരിഗണിയ്ക്കുന്നതല്ല.

10.ഹാജർ നിലയിൽ ക്രമാതീതമായ കുറവ് വരുന്ന വിദ്യാർത്ഥികളുടെ അപേക്ഷയിൽ ഹാജർ കുറവ് വന്നതിന്റെ വസ്തുതാപരമായ വിവരണം സ്ഥാപന മേധാവി രേഖപ്പെടുത്തിയിരിയ്ക്കേണ്ടതാണ്.

11.ഡിപ്ലോമ സെമസ്റ്റർ പരീക്ഷയുടെ 20 ദിവസത്തിന് മുൻപ് തന്നെ ഹാജർ നില സംബന്ധിച്ചുള്ള വിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിയ്ക്കേണ്ടതും തുടർന്ന് മൂന്നു ദിവസത്തിനുള്ളിൽ വിദ്യാർത്ഥികൾ അപേക്ഷ സ്ഥാപന മേധാവിയ്ക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.

12.ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷകൾ രണ്ടാം തവണ ഹാജർ കുറവ് മാപ്പാക്കേണ്ടവ, മൂന്നാം തവണ ഹാജർ കുറവ് മാപ്പാക്കേണ്ടവ എന്നിങ്ങനെ തരം തിരിച്ച് പ്രിൻസിപ്പാളിന്റെ വെവ്വേറെയുള്ള ആമുഖ കത്തിലൂടെ പരീക്ഷ തുടങ്ങുന്ന തീയതിയ്ക്ക് ഒരാഴ്ച്ചയ്ക്ക് മുൻപായി ബന്ധപ്പെട്ട കാര്യാലയങ്ങളിൽ ലഭ്യമാക്കിയിരിയ്ക്കണം. ഈ സമയ നിബന്ധന എല്ലാ സ്ഥാപന മേധാവികളും

150 YEARS OF CELEBRATING THE MAHATMA

Draft #1 of File C2/18017/19/DTE Approved by Senior Joint Director (PS) on 05-Mar-2020 04:21 PM - Page 2

കർശനമായി പാലിയ്ക്കേണ്ടതാണ്.

8)

13.മേൽ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പൂർണമായും പാലിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഉത്തരവ് പ്രകാരമുള്ള ഹാജർ കുറവ് മാപ്പാക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിയ്ക്കുകയുള്ളൂ.

14.ഹാജർ കുറവ് മാപ്പാക്കികൊണ്ടുള്ള ഉത്തരവുകൾ ഔദ്യോഗിക വെബ് സൈറ്റ് മുഖേന പ്രസിദ്ധീകരിയ്ക്കുന്നതാണ്. സ്ഥാപനങ്ങൾക്കോ വിദ്യാർത്ഥികൾക്കോ നേരിട്ട് ഉത്തരവുകൾ നൽകുന്നതല്ല.

15.സവിശേഷ സാഹചര്യം പരിഗണിച്ചാണ് വിദ്യാർത്ഥികൾക്ക് ഹാജർ കുറവ് മാപ്പാക്കുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ഹാജർ കുറവ് മാപ്പാക്കുന്നത്, വിദ്യാർത്ഥിയുടെ അവകാശമായി കണക്കാക്കാൻ കഴിയുന്നതല്ല.

മേൽപ്പറഞ്ഞ വിവരങ്ങൾ റഗുലർ/ഈവനിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ അറിയിയ്ക്കേണ്ടതും ആയത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിയ്ക്കേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ ഏതെങ്കിലും തരത്തിൽ ഉണ്ടാകുന്ന വീഴ്ചയ്ക്ക് സ്ഥാപന മേധാവി ഉത്തരവാദിയായിരിയ്ക്കുന്നതാണ്.

ശശികുമാർ കെ.എൻ
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സർക്കാർ/സർക്കാർ നിയന്ത്രിത എയ്ഡഡ്/സ്വാശ്രയ പോളിടെക്നിക് കോളേജിലേയും പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കായി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ഇൻഡാസ് നമ്പർ. ഡി.എ 3/37/2020/എച്ച്.ആർ.ഡി

തീയതി:20.03.2020

മേൽ നിർദ്ദേശങ്ങൾ കർശന പരിപാലനത്തിനും വിദ്യാർത്ഥികളോട് അറിയിക്കുവാനും ( നോട്ടീസ് ബോർഡിൽ പ്രദർശനം മുതലായവ) അയക്കുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. എല്ലാ മോഡൽ പോളിടെക്നിക്ക് പ്രിൻസിപ്പാൾമാർക്കും/ ഐ.എച്ച്.ആർ.ഡി വെബ്സൈറ്റ്
2. ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്